

# ഖുർആൻ ബോധനം 712

എ.വൈ.ആർ

സൂറ-18

# അൽ കഹ്ഫ്

ٱلْمَالُ وَٱلْبَنُونَ زِينَةُ ٱلْحَيَوٰةِ ٱلدُّنْيَا ۖ وَٱلْبَٰقِيَٰتُ ٱلصَّٰلِحَٰتُ خَيْرٌ عِندَ
رَبِّكَ ثَوَابًا وَخَيْرٌ أَمَلًا ٤٦

**46.** സമ്പത്തും സന്തതികളും ഭൗതികജീവിതത്തിന്റെ അലങ്കാരങ്ങളാകുന്നു. നിലനിൽക്കുന്ന സൽകർമങ്ങളത്രെ, വിധാതാവിങ്കൽ അനന്തര ഫലത്താൽ ഗുണകരമായിട്ടുള്ളത്. ആശിക്കാവുന്നതിലേറ്റം ശ്രേഷ്ഠമായതും അതുതന്നെ.

وَيَوْمَ نُسَيِّرُ ٱلْجِبَالَ وَتَرَى ٱلْأَرْضَ بَارِزَةً وَحَشَرْنَٰهُمْ فَلَمْ
نُغَادِرْ مِنْهُمْ أَحَدًا ٤٧

**47.** ആ മഹാ നാളിനെ ഓർത്തുകൊള്ളുവിൻ. അന്ന് പർവതങ്ങളെ നാം ഇളക്കിവിടുന്നു. ഭൂമിയെ നീ വെറും വെളിമ്പുറമായി കാണും. ജനത്തെയാസകലം നാം ഒരുമിച്ചുകൂട്ടും. മുൻതലമുറകളിൽ നിന്നും പിൻതലമുറകളിൽനിന്നും ആരെയും ഒഴിവാക്കുകയില്ല.

وَعُرِضُوا۟ عَلَىٰ رَبِّكَ صَفًّا لَّقَدْ جِئْتُمُونَا كَمَا خَلَقْنَٰكُمْ
أَوَّلَ مَرَّةٍۭ ۚ بَلْ زَعَمْتُمْ أَلَّن نَّجْعَلَ لَكُم مَّوْعِدًا ٤٨

**48.** അവരൊക്കെയും വിധാതാവിനു മുമ്പിൽ അണിയണിയായി ഹാജരാക്കപ്പെടുന്നു. ആദ്യവട്ടം നിങ്ങളെ സൃഷ്ടിച്ചതെപ്രകാരമാണോ, അതേ പ്രകാരം നിങ്ങൾ നമ്മുടെ മുന്നിലെത്തിയിരിക്കുകയാണിപ്പോൾ. അല്ല! ഇങ്ങനെയൊരു സംഗമ സമയം നാം നിങ്ങൾക്കായി നിശ്ചയിച്ചിട്ടേയില്ല എന്നാണല്ലോ നിങ്ങൾ ജൽപ്പിച്ചിരുന്നത്?!

وَوُضِعَ ٱلْكِتَٰبُ فَتَرَى ٱلْمُجْرِمِينَ مُشْفِقِينَ مِمَّا فِيهِ وَيَقُولُونَ يَٰوَيْلَتَنَا
مَالِ هَٰذَا ٱلْكِتَٰبِ لَا يُغَادِرُ صَغِيرَةً وَلَا كَبِيرَةً إِلَّآ أَحْصَىٰهَا ۚ وَوَجَدُوا۟ مَا
عَمِلُوا۟ حَاضِرًا ۗ وَلَا يَظْلِمُ رَبُّكَ أَحَدًا ٤٩

**49.** കർമപുസ്തകം സമർപ്പിക്കപ്പെടുന്നു. അപ്പോൾ പാപഗ്രസ്തർ സ്വന്തം കർമപുസ്തകത്തിന്റെ ഉള്ളടക്കത്തിൽ സംഭീതരാകുന്നതു നിനക്കു കാണാം. അവർ വിലപിച്ചുകൊണ്ടിരിക്കും: ഹാ കഷ്ടം! ഇതെന്തൊരു പുസ്തകം! ചെറുതും വലുതുമായ ഒരു ചലനവും ഇതു കൃത്യമായി രേഖപ്പെടുത്താതെ വിട്ടുകളഞ്ഞിട്ടില്ലല്ലോ. തങ്ങൾ പ്രവർത്തിച്ചതൊക്കെയും മുന്നിൽ അവതരിച്ചതായി അവർ കാണുന്നു. നിന്റെ നാഥൻ ആരോടും അൽപ്പവും അനീതി ചെയ്യുന്നതല്ല.

ഭൗതിക ജീവിതത്തിന്റെ =ٱلْحَيَوٰةِ ٱلدُّنْيَا ۖ അലങ്കാരമാകുന്നു =زِينَةُ മക്കളും = وَٱلْبَنُونَ മുതൽ = ٱلْمَالُ
നല്ലതുകൾ (സൽക്കർമങ്ങളത്രെ) ആകുന്നു = ٱلصَّٰلِحَٰتُ നിലനിൽക്കുന്നവയായ = وَٱلْبَٰقِيَٰتُ
അനന്തര (പ്രതി)ഫലത്താൽ = ثَوَابًا നിന്റെ വിധാതാവിങ്കൽ = عِندَ رَبِّكَ ഉത്തമം, ഗുണകരമായിട്ടുള്ളത് = خَيْرٌ
ആശയാൽ (ആശിക്കാവുന്നതിൽ) = أَمَلًا ഉത്തമം (ഏറ്റവും ശ്രേഷ്ഠമായതും അതുതന്നെ) = وَخَيْرٌ
പർവതങ്ങളെ = ٱلْجِبَالَ (അന്ന്) നാം ഇളക്കിവിടുന്നു = نُسَيِّرُ (ഓർത്തുകൊള്ളുക ആ മഹാ)നാളിനെ = وَيَوْمَ
(വെറും)വെളിമ്പുറമായിട്ട് = بَارِزَةً ഭൂമിയെ = ٱلْأَرْضَ നീ കാണും(നിനക്കു കാണാം) = وَتَرَى
നാം വിട്ടുകളയുന്നില്ല, ഒഴിവാക്കുകയില്ല = فَلَمْ نُغَادِرْ അവരെ(ജനത്തെയാസകലം) നാം ഒരുമിച്ചുകൂട്ടുന്നു = وَحَشَرْنَٰهُمْ
അവർ ഹാജരാക്കപ്പെട്ടു(ടുന്നു) = وَعُرِضُوا۟ ഒരുവനെ(ആരെ)യും = أَحَدًا അവരിൽനിന്ന് = مِنْهُمْ
അണിയണിയായി = صَفًّا നിന്റെ വിധാതാവിനു മുമ്പിൽ = عَلَىٰ رَبِّكَ
നിങ്ങൾ നമ്മുടെയടുത്തു വന്നു(നമ്മുടെ മുന്നിലെത്തിയിരിക്കുകയാണിപ്പോൾ) = لَّقَدْ جِئْتُمُونَا
ആദ്യവട്ടം = أَوَّلَ مَرَّةٍۭ നാം നിങ്ങളെ സൃഷ്ടിച്ചപോലെ (സൃഷ്ടിച്ചതെപ്രകാരമാണോ അതേപ്രകാരം) = كَمَا خَلَقْنَٰكُمْ
നിങ്ങൾ വാദിച്ചു(ജൽപ്പിച്ചിരുന്നത്) = زَعَمْتُمْ അല്ല, എന്നാൽ, പക്ഷേ = بَلْ
നിങ്ങൾക്കു നാം ഒരിക്കലും ആക്കുകയില്ല(നിശ്ചയിച്ചിട്ടേയില്ല) എന്നാണല്ലോ = أَلَّن نَّجْعَلَ لَكُم
കർമപുസ്തകം സമർപ്പിക്കപ്പെട്ടു = وَوُضِعَ ٱلْكِتَٰبُ (ഇങ്ങനെയൊരു സംഗമം) ഒരു വാഗ്ദത്ത സമയം, സ്ഥലം = مَّوْعِدًا
സംഭീതരായിട്ട് = مُشْفِقِينَ അപ്പോൾ കുറ്റവാളികളെ (പാപഗ്രസ്തരെ) നീ കാണും (നിനക്ക് കാണാം) = فَتَرَى ٱلْمُجْرِمِينَ
അതിലുള്ളതിനാൽ(അവരുടെ കർമപുസ്തകത്തിന്റെ ഉള്ളടക്കത്തിൽ) = مِمَّا فِيهِ
ഞങ്ങളുടെ നാശമേ(ഹാ കഷ്ടം!) = يَٰوَيْلَتَنَا അവർ പറയുന്നു(വിലപിക്കുന്നു) = وَيَقُولُونَ
ഒഴിവാക്കുന്നില്ല(വിട്ടുകളഞ്ഞിട്ടില്ലല്ലോ) = لَا يُغَادِرُ ഇതെന്തൊരു പുസ്തകം! = مَالِ هَٰذَا ٱلْكِتَٰبِ
ചെറുതിനെ, വലുതിനെയുമില്ല(ഞങ്ങളുടെ ചെറുതും വലുതമായ ഒരു ചലനത്തെയും) = صَغِيرَةً وَلَا كَبِيرَةً
അവർ കണ്ടു(കാണുന്നു) = وَوَجَدُوا۟ അതിനെ തിട്ടപ്പെടുത്താതെ(കൃത്യമായി രേഖപ്പെടുത്താതെ) = إِلَّآ أَحْصَىٰهَا ۚ
ഹാജരായതായിട്ട്(മുമ്പിൽ അവതരിച്ചതായി) = حَاضِرًا ۗ അവർ ചെയ്തത്(ഒക്കെയും) = مَا عَمِلُوا۟
ഒരുവനോ(ആരോ)ടും = أَحَدًا നിന്റെ നാഥൻ = رَبُّكَ (അൽപ്പവും) അനീതി ചെയ്യുന്നതല്ല = وَلَا يَظْلِمُ

**46.** ജീവിത സൗഭാഗ്യങ്ങളും ജീവിതം തന്നെയും, ക്ഷണികവും ക്ഷുദ്രവുമാണെന്ന് വ്യക്തമാക്കിയശേഷം സുസ്ഥിരമായി നിലനിൽക്കുന്നത് എന്താണെന്നു പറയുകയാണീ സൂക്തം. ഇവിടെ 'മക്കൾ' കൊണ്ടുദ്ദേശിക്കുന്നത് സ്വന്തം രക്തത്തിൽ പിറന്ന പിൻഗാമികൾ മാത്രമല്ല. നേരത്തെ പറഞ്ഞ نفر തന്നെയാണ് ഇവിടെ ٱلْبَنُونَ. പൂർവിക അറേബ്യൻ ജീവിതത്തിൽ കുടുംബത്തിലെയും ഗോത്രത്തിലെയും അംഗങ്ങളെ ആശ്രയിച്ചായിരുന്നു ഒരു വ്യക്തിയുടെ ശക്തിയും സുരക്ഷയുമൊക്കെ. വർധിച്ച ജനസംഖ്യയുള്ള ഗോത്രത്തിലെ അംഗങ്ങൾ കൂടുതൽ ശക്തരും സുരക്ഷിതരുമാകുന്നു. ഓരോരുത്തരുടെയും താൽപര്യത്തിനുവേണ്ടി എല്ലാവരും പരിശ്രമിക്കും. വേണ്ടിവന്നാൽ മരിക്കാനും തയാറാകും. ഇത്തരം ഗോത്രങ്ങളിലെ നേതാക്കൾ ഇതര ഗോത്രങ്ങളെയും സ്വാധീനിക്കും. അങ്ങനെ അവരുടെ അന്തസ്സും പ്രതാപവും വർധിക്കുന്നു. ഈ ഗോത്ര സമ്പ്രദായം ഏറെക്കുറെ തിരോധാനം ചെയ്തിരിക്കുന്നു. എങ്കിലും ഇതിന്റെ വിശാല രൂപങ്ങളായ ജാതീയതയും വർഗീയതയുമൊക്കെ നിലനിൽക്കുന്നുണ്ട്. രാഷ്ട്രീയവും രാഷ്ട്രീയേതരവുമായ മറ്റു കൂട്ടായ്മകളും രൂപപ്പെട്ടിരിക്കുന്നു. ഇന്ന് ആളുകളുടെ ബലം അവരുൾപ്പെട്ട പാർട്ടിയാണ്.

بَقِيَ യുടെ കർതൃപദമായ باقي യുടെ സ്ത്രീലിംഗ രൂപമാണ് باقية. അതിന്റെ ബഹുവചനമാണ് باقيات. ശാശ്വതമായി നിലനിൽക്കുന്നതാണ് മൗലികമായ അർഥത്തിൽ باقي. ഈയർഥത്തിൽ അല്ലാഹുവിന്റെ വിശേഷണമാണിത്. ബാക്കിയുള്ളത് എന്ന അർഥത്തിലും സാധാരണ ഉപയോഗിക്കാറുണ്ട്. 'അനശ്വരമായി നിലനിൽക്കുന്നത്' തന്നെയാണ് ഇവിടെ ഉദ്ദേശ്യം. باقيات നും الصالحات നും ഇടയിൽ اعمال എന്ന പദം അനുക്തമായിട്ടുണ്ട്. മനുഷ്യന്റെ കർമങ്ങളെല്ലാം ഏതെങ്കിലും രൂപത്തിൽ നിലനിൽക്കുന്നതാണ്. നിലനിൽക്കുന്ന കർമങ്ങളിൽ കർത്താവിനു ഗുണകരം-خير

-ആയിട്ടുള്ളത് സൽക്കർമങ്ങൾ മാത്രമാകുന്നു. കർമങ്ങൾ നിലനിൽക്കുക എന്നാൽ അതിന്റെ അനന്തര ഫലം നിലനിൽക്കുകയാണ്. അനന്തരഫലത്തിന് രണ്ടു രൂപങ്ങളുണ്ട്. ഒന്ന് കർമത്തിന്റെ ഫലമായി പരലോകത്ത് അല്ലാഹു നൽകുന്ന അനുഗ്രഹങ്ങളാണ്. രണ്ട്, ഒരു കർമം ഈ ലോകത്തു തന്നെ ഉളവാക്കുന്ന അനന്തരഫലങ്ങളാണ്. ചില ആളുകളുടെ ചില പ്രവർത്തനങ്ങളുടെ തുടർച്ച അനേക തലമുറകളോളം നീണ്ടുനിൽക്കുന്നു. ധർമസ്ഥാപനങ്ങൾ ഉദാഹരണം. ആയിരത്താണ്ടുകൾക്കു മുമ്പ് രചിക്കപ്പെട്ട ഗ്രന്ഥങ്ങൾ ഇന്നും ജനങ്ങൾക്ക് അറിവിന്റെ വെളിച്ചം പകർന്നുകൊണ്ടിരിക്കുന്നു. ശാസ്ത്ര സാങ്കേതിക കണ്ടുപിടുത്തങ്ങൾ മറ്റൊരുദാഹരണമാണ്. ജനക്ഷേമത്തിനും ധാർമിക പുരോഗതിക്കും ഉതകുന്നതാണെങ്കിൽ അത്തരം കർമങ്ങൾ പരലോകത്തും അവശേഷിക്കുകയും പ്രതിഫലാർഹമാവുകയും ചെയ്യും. الباقيات الصالحات എന്നാൽ പരലോകത്തേക്കുവേണ്ടി ശേഷിക്കുന്ന എല്ലാ നല്ല വാക്കും പ്രവൃത്തിയും كل عمل صالح من قول او فعل بقى للآخرة- -ആകുന്നു എന്നാണ് ഇബ്നു അബ്ബാസ് വിശദീകരിച്ചിട്ടുള്ളത്. ഇതിനെ പിന്താങ്ങിക്കൊണ്ട് ഖുർത്വുബി പറഞ്ഞു. സൽഫലം അവശേഷിപ്പിക്കുന്ന എല്ലാറ്റിനെക്കുറിച്ചും ഇങ്ങനെ പറയാം. സത്യത്തിനും ധർമത്തിനും നീതിക്കും അനുസൃതമായ, അല്ലെങ്കിൽ അല്ലാഹുവിന്റെ പ്രീതിക്കുതകുന്ന കർമങ്ങളാണ് الباقيات الصالحات എന്നും പറയാം. കർമങ്ങൾ ബാഖിയാത്തുസ്സ്വാലിഹാത്ത് ആകാൻ അവയുടെ വൈപുല്യവും ഗൗരവവും ഉപാധിയാകുന്നില്ല. സത്യത്തിനുവേണ്ടി ജീവത്യാഗം ചെയ്യുന്നതു മുതൽ സുബ്ഹാനല്ലാഹ്, അൽഹംദുലില്ലാഹ് എന്നു ഭജിക്കുന്നതുവരെ ബാഖിയാത്തുസ്സ്വാലിഹാത്ത് ആകുന്നു. കർത്താവിന്റെ കഴിവിനും സാഹചര്യത്തിനുമനുസരിച്ച് ഭംഗിയായി ചെയ്യുന്ന ചെറുതും വലുതുമായ എല്ലാ ധർമങ്ങളും പരലോകത്ത് പ്രതിഫലാർഹമാണ്.

സൂക്തത്തിന്റെ ആശയമിതാണ്: മനുഷ്യരെ മോഹിതരാക്കുന്ന മുതലും മക്കളുമെല്ലാം ഈ ലോകത്തെ ഭൗതിക ജീവിതത്തിന്റെ മാത്രം അലങ്കാരങ്ങളാകുന്നു. ഏതാനും നാൾ മാത്രമേ ആ അലങ്കാരം നിലനിൽക്കുകയുള്ളൂ. പിന്നെ വാടിക്കരിഞ്ഞുപോകും. നിങ്ങൾ ചെയ്യുന്ന നല്ല കർമങ്ങളാണ് എന്നെന്നും നിലനിൽക്കുന്നതും അല്ലാഹുവിങ്കൽനിന്ന് പ്രതിഫലം നേടിത്തരുന്നതും. പ്രതീക്ഷകളെ ബന്ധിപ്പിക്കുന്നുവെങ്കിൽ അവയോടാണ് ബന്ധിപ്പിക്കേണ്ടത്. അവയിലൂടെ മാത്രമേ നിത്യമായ അനന്തര ഫലങ്ങളും അനുഗ്രഹങ്ങളും കരഗതമാകൂ.

കർമാനുഷ്ഠാനത്തിന്റെ പ്രാധാന്യമാണ് ഈ സൂക്തം സൂചിപ്പിക്കുന്ന മറ്റൊരു സംഗതി. നേരത്തെ 7-ാം സൂക്തത്തിൽ ചരാചരങ്ങൾകൊണ്ട് അല്ലാഹു ഭൂമിയെ അലങ്കരിച്ചിരിക്കുകയാണെന്നും മനുഷ്യരിലാരാണ് ഭൂമിയിൽ ഭംഗിയായി കർമം ചെയ്യുന്നതെന്ന് പരീക്ഷിക്കുകയാണതിന്റെ ലക്ഷ്യമെന്നും പ്രസ്താവിച്ചിട്ടുണ്ടല്ലോ. അവിടെ പറഞ്ഞ ഭംഗിയായ കർമം أحسن عمل ആണ് ഇവിടെ പറയുന്ന الباقيات الصالحات. കർമത്തിലൂടെയാണ് മനുഷ്യന്റെ അസ്തിത്വവും വ്യക്തിത്വവും രൂപപ്പെടുന്നത്. കർമ ജീവിതത്തിന്റെ ഗുണദോഷങ്ങൾക്കനുഗുണമായി അവൻ പരലോകത്ത് ഭാഗ്യവാനോ നിർഭാഗ്യവാനോ ആയിത്തീരുന്നു. ഭൗതിക ജീവിതത്തിന്റെ അലങ്കാരങ്ങൾ ക്ഷണികമാണ് എന്നുപറഞ്ഞതിന് അവ വർജ്യമാണ് എന്ന് അർഥമില്ല. മനുഷ്യൻ ഭംഗിയായി കർമം ചെയ്യുന്നതിനുവേണ്ടിയാണ് ഭൂമിയെ അല്ലാഹു അലങ്കരിച്ചത് എന്ന് നേരത്തെ 7-ാം സൂക്തത്തിൽ പ്രസ്താവിച്ച, ജീവിതത്തിന്റെ അലങ്കാരങ്ങൾ നിഷേധിക്കുന്നതിനെക്കുറിച്ച് അല്ലാഹു ചോദിക്കുന്നു: 'പ്രവാചകൻ ചോദിക്കുക, അല്ലാഹു അവന്റെ ദാസന്മാർക്കായി ഉൽപ്പാദിപ്പിച്ച അലങ്കാരങ്ങളും ഉത്തമ വിഭവങ്ങളും വിലക്കുന്നവനാര്?'(7:32). ജീവിതാലങ്കാരങ്ങളുടെ മോഹവലയത്തിൽപെട്ട് ആത്മീയ മൂല്യങ്ങളെയും നിലനിൽക്കുന്ന സൽക്കർമങ്ങളെയും വിസ്മരിക്കുകയോ തള്ളിക്കളയുകയോ ചെയ്യുന്നതിനെയാണ് അല്ലാഹു ആക്ഷേപിക്കുന്നത്. ധൂർത്തും ദുർവ്യയവുമില്ലാതെ, ദൈവഭക്തിക്ക് വിഘാതമാകാതെ മിതമായ രീതിയിൽ എല്ലാ ജീവിതാലങ്കാരങ്ങളും അനുഭവിക്കാം; എന്നല്ല അനുഭവിക്കേണ്ടതാണ്.

**47–48.** ഭൗതിക ജീവിതത്തിന്റെ അസ്ഥിരത വിശദീകരിച്ചശേഷം ഈ ലോകം തന്നെ അസ്ഥിരമാണെന്ന് പറയുകയാണിവിടെ. ഇളകി നീങ്ങി, നടന്നു, മുന്നേറി, പ്രചരിച്ചു എന്നെല്ലാം അർഥമുള്ള سار യുടെ സകർമക രൂപമാണ് سيّر. പർവതങ്ങളെ നാം ഇളക്കിയെടുത്ത് ധൂളിയാക്കി പറത്തിവിടുന്നു എന്നാണ് نُسَيِّرُ ٱلْجِبَالَ യുടെ വിവക്ഷ. തടസ്സങ്ങളൊന്നുമില്ലാതെ തെളിഞ്ഞു കാണാവുന്നതാണ് بَارِزَةً. കുന്നും കുഴികളുമില്ലാതെ ദൂരദൂരം തെളിഞ്ഞു കാണപ്പെടുന്ന പ്രതലം എന്നാണ് ഇവിടെ ഉദ്ദേശ്യം. عرض ക്ക് അറബിയിൽ വ്യത്യസ്തമായ നിരവധി അർഥങ്ങളുണ്ട്. സമർപ്പിക്കുക, വച്ചുനീട്ടുക (Offer) പ്രദർശിപ്പിക്കുക, ഹാജരാക്കുക എന്നിങ്ങനെയാണ് ഒരു കൂട്ടം അർഥങ്ങൾ. عرض യുടെ കർമണി പ്രയോഗമാണ് عرضوا. ഒരാളുടെ മുന്നിൽ ഹാജരാക്കുന്നതിനും ഓഫർ ചെയ്യുന്നതിനും عرض عليه എന്നു പറയും. عرض الجند പട്ടാളത്തിന്റെ പരേഡാണ്. موعد വഅ്ദിൽ നിന്നുള്ള സ്ഥലനാമമോ സമയനാമമോ (اسم المكان او اسم الزمان) ആവാം. 'വാഗ്ദത്ത സമയം' എന്ന അർഥമാണ് കൂടുതൽ വ്യാഖ്യാതാക്കൾ സ്വീകരിച്ചിട്ടുള്ളത്. وترى നീ കാണും എന്നതിലെ 'നീ' ഒരു പ്രത്യേക വ്യക്തിയല്ല, എല്ലാ അനുവാചകരുമാണ്.

സൂക്തങ്ങൾ മനുഷ്യരെ ഉണർത്തുകയാണ്: നിങ്ങൾ സുഖഭോഗലഹരിയിൽ ശാശ്വതമായി വാഴാമെന്ന് വ്യാമോഹിക്കുന്ന ഈ ലോകം എന്നെന്നും ഇങ്ങനെ നിലനിൽക്കുമെന്നു കരുതേണ്ട. ഇതിനൊരവസാനമുണ്ടെന്നോർക്കുക. അന്ന് ഈ പ്രകൃതി വ്യവസ്ഥകളൊക്കെ തകിടം മറിയും. അത് ഇന്നു കാണുന്ന ഭൂമിയേ അല്ലാതാകും. ഭൂമിയും ആകാശവും അവയല്ലാത്തതായി മാറ്റപ്പെടുന്ന ദിവസം يَوْمَ تُبَدَّلُ ٱلْأَرْضُ غَيْرَ ٱلْأَرْضِ وَٱلسَّمَٰوَٰتُ ആണത് (14:48). ഭൂമിയിൽ ഉറച്ചു നിൽക്കുന്നതായി കാണപ്പെടുന്ന പർവതങ്ങൾ ഇളകി ധൂളിയായി പറന്നുപോകും. നീ കാണുന്ന പർവതങ്ങൾ ഉറച്ചു

നിൽക്കുന്നതായി ഇന്നു നിനക്കു തോന്നുന്നു. എന്നാൽ അന്നവ മേഘങ്ങൾപോലെ പാറിപ്പറക്കും- وَتَرَى ٱلْجِبَالَ تَحْسَبُهَا جَامِدَةً وَهِىَ تَمُرُّ مَرَّ ٱلسَّحَابِ (27:88). പർവതങ്ങൾ അന്ന് ഇളക്കിവിടപ്പെടുന്നു. അപ്പോൾ അത് കാനൽ ആയിത്തീരുന്നു. وَسُيِّرَتِ ٱلْجِبَالُ فَكَانَتْ سَرَابًا (78:20). ഭൗമ പ്രകൃതി താറുമാറാകുന്നതോടെ അതിലുള്ള മനുഷ്യരും മറ്റു ജീവജാലങ്ങളും മരിച്ചുവീഴുന്നു. കാടും മലകളും നദികളും സമുദ്രങ്ങളും കെട്ടിടങ്ങളും റോഡുകളും ജീവജാലങ്ങളും ഒന്നുമില്ലാത്ത ശൂന്യമായ സമതലമായി ഭൂമി രൂപാന്തരപ്പെടുന്നു. 8-ാം സൂക്തത്തിൽ പറഞ്ഞ صعيد جرز-തരിശായ പ്രതലം തന്നെയാണ് ഇവിടെ പറയുന്ന വെളിമ്പുറം.

وَيَسْـَٔلُونَكَ عَنِ ٱلْجِبَالِ فَقُلْ يَنسِفُهَا رَبِّى نَسْفًا ﴿١٠٥﴾ فَيَذَرُهَا قَاعًا صَفْصَفًا ﴿١٠٦﴾ لَّا تَرَىٰ فِيهَا عِوَجًا وَلَآ أَمْتًا ﴿١٠٧﴾

(അന്ത്യനാളിൽ ഈ പർവതങ്ങൾ എന്താകുമെന്ന് അവർ ചോദിക്കുന്നുവല്ലോ; നീ പറയുക: എന്റെ നാഥൻ അവയെ ധൂളിയാക്കി പറത്തിക്കളയുന്നതാകുന്നു. ഭൂമിയെ നിരന്ന മൈതാനമാക്കി വിടുന്നു. അതിൽ കുന്നുകുഴികളോ വളവു തിരിവുകളോ ഒന്നും നീ കാണുകയില്ല-20:105-107).

പ്രകൃതി വ്യവസ്ഥ താറുമാറാവുകയും ഭൂമി ഭൂമിയല്ലാതാവുകയും ജീവജാലങ്ങൾ മരിച്ചൊടുങ്ങുകയും ചെയ്യുന്നതോടെ മനുഷ്യന്റെ കഥ അവസാനിക്കുന്നില്ല. ഇഹലോകത്തിന്റെ അന്ത്യത്തോടെ അവന്റെ പരലോകം നിലവിൽ വരുന്നു. അവിടെ, ഇഹലോകത്തു മരിച്ചുപോയ അവസാനത്തെ ശിശു മുതൽ ആദി പിതാവ് വരെയുള്ള സകല മനുഷ്യരും ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്നു. എല്ലാവരെയും അല്ലാഹു ഒരിടത്തൊരുമിച്ചു കൂട്ടും. ആരും ഒഴിഞ്ഞുപോവുകയില്ല. തുടർന്ന് അവരെല്ലാം അല്ലാഹുവിന്റെ മുമ്പിൽ അണിയണിയായി ഹാജരാക്കപ്പെടുകയായി. മനുഷ്യന്റെ രണ്ടാം ജീവിതത്തിന്റെ തുടക്കമാണത്. അല്ലാഹു അവരെ ഈ ഭൂമിയിൽ ഏതു രൂപത്തിൽ സൃഷ്ടിച്ചിരുന്നുവോ അതേ രൂപത്തിൽ അല്ലാഹുവിന്റെ മുന്നിൽ വന്നുനിൽക്കുകയാണവരിപ്പോൾ. അല്ലാഹുവിനെയും ഉയിർത്തെഴുൽപ്പിനെയും നിഷേധിച്ചവർക്കുണ്ടാകുന്ന ആദ്യത്തെ തിരിച്ചടിയാണത്. 'നിങ്ങൾ പറയുന്നത് നേരാണെങ്കിൽ എപ്പോഴാണീ ഉയിർത്തെഴുന്നേൽപ്പും പരലോകവും നിലവിൽ വരിക?!.' وَيَقُولُونَ مَتَىٰ هَـٰذَا ٱلْوَعْدُ إِن كُنتُمْ صَـٰدِقِينَ (36:48) എന്ന് അവർ പരിഹാസപൂർവം പേർത്തുംപേർത്തും ചോദിച്ചിരുന്ന ആ പരലോകത്തിൽ എത്തിപ്പെട്ടിരിക്കുകയാണവർ. നിഷേധിക്കാനോ സംശയിക്കാനോ യാതൊരു പഴുതുമില്ലാത്ത യാഥാർഥ്യമായി അതു പുലർന്നുകഴിഞ്ഞിരിക്കുകയാണ്. അതിന്റെ ആഘാതത്താൽ അവരുടെ കണ്ണുകൾ കുണ്ടിലാണ്ടുപോകുന്നു. അധമത്വം അവരെ മൂടിപ്പൊതിയുന്നു. അതാണവർക്ക് വാഗ്ദത്തം ചെയ്യപ്പെട്ട പുനരുത്ഥാനദിനം. خَـٰشِعَةً أَبْصَـٰرُهُمْ تَرْهَقُهُمْ ذِلَّةٌ ۚ ذَٰلِكَ ٱلْيَوْمُ ٱلَّذِى كَانُوا۟ يُوعَدُونَ (70:44). അല്ലാഹു അവരോടു ചോദിക്കും. ഈ സംഗമത്തെയല്ലയോ. ഒരു തെളിവുമില്ലാതെ നിങ്ങൾ ഇല്ലെന്നും ഉണ്ടാവുക സാധ്യമല്ലെന്നും വാദിച്ചിരുന്നത്? നോക്കൂ, നിങ്ങൾ ആദ്യവട്ടം ഭൂമിയിൽ വെറുംകൈയോടെ സൃഷ്ടിക്കപ്പെട്ടപോലെ ഇപ്പോൾ നമ്മുടെ സന്നിധിയിലെത്തിയിരിക്കുന്നു. നിങ്ങളോടൊപ്പം നിങ്ങളുടെ സമ്പത്തില്ല, സജ്ജീകരണങ്ങളില്ല, കുടുംബമില്ല, പാർട്ടിയില്ല, പരിവാരങ്ങളില്ല. ഇതിലൊക്കെയായിരുന്നുവല്ലോ ഭൗതിക ലോകത്ത് നിങ്ങൾ ഊറ്റംകൊണ്ടിരുന്നത്. അതൊക്കെയും നിങ്ങൾ കൈവിട്ടിരിക്കുന്നു. وَتَرَكْتُم مَّا خَوَّلْنَـٰكُمْ وَرَآءَ ظُهُورِكُمْ (നാം നൽകിയിരുന്നതൊക്കെയും നിങ്ങൾ പുറകിലുപേക്ഷിച്ചുകളഞ്ഞു-6:94).

**49.** പുസ്തകവും വേദവുമാണ് അൽകിതാബ് എങ്കിലും ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത് മനുഷ്യരുടെ കർമങ്ങളെ സമ്പൂർണമായി ഉൾക്കൊള്ളുന്ന രേഖയെയാണ്. ലോകാവസാനവും ഉയിർത്തെഴുന്നേൽപ്പും വെറുതെ ഉണ്ടാക്കിയതല്ല. മനുഷ്യജീവിതം വിചാരണ ചെയ്യാനും രക്ഷാശിക്ഷകൾ വിധിക്കാനുമാണതു സംഭവിച്ചത്. അതിനുവേണ്ടി ഓരോ വ്യക്തിയുടെയും ജീവിതത്തിന്റെ സമ്പൂർണ രേഖ ദൈവിക കോടതിയിൽ സമർപ്പിക്കപ്പെടുന്നു. ഈ രേഖ പുസ്തകരൂപത്തിലാവാം. ശബ്ദരൂപത്തിലാവാം, ചലച്ചിത്ര രൂപത്തിലാവാം. ഏതു രൂപത്തിലായാലും ഓരോ വ്യക്തിയുടെയും ജീവിതത്തിലെ സകലമാന ചലനങ്ങളും അതുൾക്കൊള്ളുന്നുണ്ടാകും. അങ്ങനെയൊരു ജീവിത പുസ്തകത്തിന്റെ അവതരണം സത്യവും ധർമവും പരലോകവും നിഷേധിച്ചു വാണ പാപികളെ ഭയക്രാന്തരാക്കുന്നു. അവർ പ്രവർത്തിച്ചതൊക്കെയും നിലനിൽക്കുന്ന തിന്മകൾ الباقيات السيئات ആണല്ലോ. തങ്ങൾ മഹൽകൃത്യങ്ങളായി കരുതി ചെയ്ത മഹാപാതകങ്ങളും നിസ്സാരമെന്നു കരുതിയിരുന്ന ചെറിയ ചെറിയ തിന്മകളുമെല്ലാം അതിൽ സ്ഥലംപിടിച്ചതു കണ്ട് അവർ വിലപിക്കുന്നു. ഈ അത്ഭുത പുസ്തകം ഞങ്ങളുടെ ജീവിതത്തിലെ നിസ്സാരമായ അനക്കങ്ങൾ പോലും കൃത്യമായി രേഖപ്പെടുത്തിയിരിക്കുന്നുവല്ലോ എന്ന് ഭയവിഹ്വലരായി നിലവിളിക്കും. ആ രേഖയിൽ ഒരു വരിയും നിഷേധിക്കാൻ അവർക്കാവില്ല. അതിലുള്ളതെല്ലാം അക്ഷരംപ്രതി സത്യമാണ്. അവർ ചെയ്തതല്ലാത്ത ഒരു കർമവും അതിൽ രേഖപ്പെടുത്തിയിട്ടില്ല. ഓരോരുത്തർക്കും അവരുത്തരവാദിയായ കർമങ്ങൾക്കു മാത്രമേ രക്ഷാശിക്ഷകൾ ലഭിക്കൂ. ആരുംതന്നെ അവർ ചെയ്യാത്ത കുറ്റത്തിനു ശിക്ഷിക്കപ്പെടുകയില്ല. അതാണ് പറഞ്ഞത് وَلَا يَظْلِمُ رَبُّكَ أَحَدًا നിന്റെ നാഥൻ ആരോടും അൽപവും അനീതി ചെയ്യുകയില്ല. തങ്ങളുടെ ഒരു ദുഷ്ടതയും നിഷേധിക്കാനോ ന്യായീകരിക്കാനോ പഴുതില്ലാത്തതിനാൽ കർമരേഖ കൈയിൽ കിട്ടാതിരുന്നെങ്കിൽ എന്ന് ദുഷ്ട ജനം വ്യാമോഹിച്ചുപോകും.

وَأَمَّا مَنْ أُوتِىَ كِتَـٰبَهُۥ بِشِمَالِهِۦ فَيَقُولُ يَـٰلَيْتَنِى لَمْ أُوتَ كِتَـٰبِيَهْ ﴿٢٥﴾

(എന്നാൽ കർമപുസ്തകം ഇടത് കൈയിൽ ലഭിക്കുന്നവൻ വിലപിക്കും: ഹാ കഷ്ടം! എനിക്കെന്റെ കർമപുസ്തകം ലഭിക്കാതിരുന്നെങ്കിൽ എത്ര നന്നായേനെ-69:25).

وَأَمَّا مَنْ أُوتِىَ كِتَـٰبَهُۥ وَرَآءَ ظَهْرِهِۦ ﴿١٠﴾ فَسَوْفَ يَدْعُوا۟ ثُبُورًا ﴿١١﴾

(എന്നാൽ കർമപുസ്തകം മുതുകിനു പിന്നിലൂടെ ലഭിക്കുന്നവനോ, താൻ നശിച്ചുകിട്ടാൻ കേണുകൊണ്ടിരിക്കും-84:10-11). ■